**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 638** **07-01-2014 ലെ മറുപടിയ്ക്ക്**

**കെ.എസ്.എഫ്.ഇ. പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ജോസഫ് വാഴക്കൻ :**<br>**ശ്രീ.സണ്ണി ജോസഫ് :**<br>**ശ്രീ.വി.ഡി.സതീശൻ :**<br>**ശ്രീ.ഹൈബി ഈഡൻ :** | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) സംസ്ഥാനത്ത് കെ.എസ്.എഫ്.ഇ. പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ ; | എ) തുടക്കം കുറിച്ചിട്ടുണ്ട്. 2013 ഡിസംബർ 10ന് പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി ഉദ്ഘാടനം ചെയ്തു. തുടക്കം എന്ന നിലയിൽ ഓരോ മേഖലയിൽ നിന്നും തിരഞ്ഞെടുത്ത 7 ശാഖകളിൽ 5-ാം ക്ലാസ്സ് വിദ്യാർത്ഥികൾക്ക് 2000 രൂപ മാസതവണയും 90 മാസ കാലാവധിയുമുള്ള ചിട്ടികളാണ് ഈ പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. |
| ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എന്തൊക്കെയാണ്; വിശദമാക്കുമോ;<br><br>സി) വിദ്യാർത്ഥികളുടെ ഉന്നത വിദ്യാഭ്യാസ ത്തിനുള്ള സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് എന്തെല്ലാം നിർദ്ദേശ ങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുള്ളത്; വിശദമാക്കുമോ; | (ബി) & (സി) ഉന്നതവിദ്യാഭ്യാസം വളരെ ചെലവേറിയതായതി നാൽ മിക്ക മാതാപിതാക്കളും അവരുടെ മക്കളുടെ അഭിരുചിക്കനുസരിച്ചുള്ള വിദ്യാഭ്യാസം നൽകാൻ വളരെയേറെ ബുദ്ധിമുട്ട് അനുഭവിക്കുന്നുണ്ട്. ഈ സാഹചര്യത്തിൽ കുട്ടികളുടെ ഉന്നത വിദ്യാഭ്യാസം സംബന്ധിച്ച സ്വപ്നങ്ങൾ സാക്ഷാത്ക്കരിക്കാൻ ഉത കുന്ന ഒരു ദീർഘകാല പദ്ധതി രൂപീകരിക്കുക, കുട്ടി കളിൽ സാമ്പത്തിക അച്ചടക്കവും നിക്ഷേപ സംസ്ക്കാരവും വളർത്തിയെടുത്ത് അവരെ ഭാവി ആസൂത്രണങ്ങളെക്കുറിച്ച് ബോധവാന്മാരാക്കുക എന്നിവയാണ് പ്രൊഫഷണൽ എഡ്യുകെയർ ചിട്ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ.<br><br>വിദ്യാർത്ഥികളുടെ മാതാപിതാക്കളെയാണ് ചിട്ടികളിൽ ചേർക്കുന്നത്. മിതവ്യയം പാലിച്ചുകൊണ്ടും ചിട്ടയായ ധന ആസൂത്രണ ത്തിലൂടെയും ഇതിനുവേണ്ട പണം സമാഹരിക്കാൻ കഴിയുന്ന തരത്തിലുള്ള ഒരു പദ്ധതിയാണ് പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്നത്.<br><br>ഈ പദ്ധതിയിൽ അംഗമാകുന്ന ഓരോരുത്തർക്കും ഒരു സമ്പാദ്യപെട്ടി നൽകുന്നതാണ്. ചിട്ടിതവണസംഖ്യക്കുള്ള തുക വിദ്യാർത്ഥിക |

സ്കൂളിൽ ഏൽപ്പിക്കേണ്ടതും ഉദ്യോഗസ്ഥർ ഈ തുക സ്ക്കൂളിൽ വന്ന് സ്വീകരിക്കുന്നതുമായിരിക്കും.

സാധാരണ ചിട്ടിപോലെ എല്ലാ മാസവും ചിട്ടി ലേലം ഉണ്ടാകുന്നതാണ്. ചിട്ടി കിട്ടിയാൽ ചിട്ടി സംഖ്യ മുഴുവനായി കെ.എസ്.എഫ്.ഇ.യിൽ തന്നെ ചിട്ടി വട്ടമെത്തുന്നതുവരെ നിക്ഷേപമായി ഇടേണ്ടതാണ്. ഇതിന് റിസർവ്വ് ബാങ്കിൻെറ അനുമതിയും ലഭിച്ചിട്ടുണ്ട്.

വിദ്യാർത്ഥി +2 കോഴ്സ് പൂർത്തിയാക്കുന്ന തോടൊപ്പം പ്രൈസ് സംഖ്യയും പലിശയും ചേർന്ന തുക നൽകാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. ഈ സംരഭത്തിലെ നിക്ഷേപത്തിന് നിലവിലുള്ളതിനേക്കാൾ 0.25% അധിക പലിശ നൽകുന്നതാണ്.

| | | | |
|---|---|---|---|
| ഡി) | പദ്ധതി നടത്തിപ്പിനുള്ള ധനസമാഹരണം എങ്ങനെ കണ്ടെത്താനാണ് ഉദ്ദേശി ക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | ഡി) | ഈ പദ്ധതിക്ക് പ്രത്യേക ധനസമാഹരണം ആവശ്യമില്ല. സാധാരണ ചിട്ടികളിൽ മാസതവണ അടക്കുന്നതുപോലെ വിദ്യാർത്ഥി നിശ്ചിത തുക എല്ലാ മാസവും അടക്കേണ്ടതാണ്. |

സെക്ഷൻ ഓഫീസർ